LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ

84 [522] ശ്രീ. എ. സുജനപാൽ:
,, കെ. സി. വേണുഗോപാൽ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; അതിൽ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ കുറവാണ് അനുഭവപ്പെടുന്നത്;

(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ദിവസവേതന ജീവനക്കാരുണ്ട്; അവർക്ക് നിത്യവേതനം, അലവൻസ് എന്നിവ എത്രയാണ്;

(സി) കെ.എസ്.ആർ.ടി.സി.-യിലെ റഗുലർ ജീവനക്കാർക്ക് ഇപ്പോൾ എത്ര ശതമാനം ക്ഷാമബത്ത നൽകുന്നുണ്ട്; ഇത് സർക്കാർ ജീവനക്കാർക്ക് കൊടുക്കുന്ന ക്ഷാമബത്തയേക്കാൾ എത്ര ശതമാനം കൂടുതലോ കുറവോ എന്നറിയിക്കുമോ?

ഉത്തരം

(എ) 31-12-2003-ലെ കണക്കനുസരിച്ച് 22,330 സ്ഥിരം ജീവനക്കാർ ഉണ്ട്. ജീവനക്കാർ കുറവില്ല.

(ബി) പി.എസ്.സി. എംപാനൽഡ് ജീവനക്കാരുൾപ്പെടെ 7,597 ദിവസവേതന ജീവനക്കാരുണ്ട്. കണ്ടക്ടർമാർക്ക് ഒരു ഡ്യൂട്ടിക്ക് 100 രൂപ, ഡ്രൈവർമാർക്ക് ഒരു ഡ്യൂട്ടിക്ക് 110 രൂപ, മെക്കാനിക്കൽ വിഭാഗം 100 രൂപ. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് കി.മീ. അലവൻസ് നൽകുന്നുണ്ട്. മറ്റുള്ളവർക്ക് അലവൻസ് നൽകുന്നില്ല.

(സി) 22% ക്ഷാമബത്ത നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് നൽകുന്ന ക്ഷാമബത്തയേക്കാൾ 27% കുറവാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകുന്നത്.

കെ.എസ്.ആർ.ടി.സി.യിലെ നിയമനവും ഒഴിവുകളും

85 [523] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ വിവിധ തസ്തികകളിലായി ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; തസ്തികകൾ തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഡ്രൈവർ, കണ്ടക്ടർ തുടങ്ങിയ തസ്തികകളിലേക്ക് എത്ര പേരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് ഉടൻ നിയമനം നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് സ്ഥിരനിയമനം വൈകുകയാണെങ്കിൽ അവരെ ഉടൻ എംപാനൽ വ്യവസ്ഥയിൽ നിയമനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ വിവിധ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ സ്ഥിര ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതുവരെ എംപാനൽ നിയമനം നൽകാൻ ഹൈക്കോടതി നിർദ്ദേശം നൽകിയത് പ്രകാരം നാളിതുവരെ എത്ര പേർക്ക് എംപാനൽ നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) ഡ്രൈവർമാരുടെ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി.യുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ളവരെ നിയമിച്ച തിന്ശേഷംമാത്രം പുറത്തുനിന്നുള്ള എംപാനൽ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകളില്ല.

(ബി, സി ആന്റ് ഡി) ഇപ്പോൾ ഒഴിവുകൾ ഇല്ലാത്തതിനാൽ ആരെയും നിയമിക്കുവാൻ ഉദ്ദേശമില്ല. നിശ്ചിത പരിധിയിൽ അധികം പ്രാതിനിധ്യം ഇപ്പോൾ കെ. എസ്.ആർ.ടി.സി. യിൽ ഉണ്ട്.

(ഇ) 2,584 പേർക്ക് പി.എസ്.സി. എംപാനൽ ആയി നിയമനം നൽകി.

(എഫ്) അനുബന്ധമായി ചേർക്കുന്നു. †

(ജി) പുറത്തുനിന്നും എംപാനൽ വ്യവസ്ഥയിൽ ഡ്രൈവർമാരെ നിയമിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2/404/2012—20.

LIBRARY ARCHIVES Kerala Legislative Assembly